മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

(5) പട്ടികജാതി-പട്ടികവർഗ്ഗക്ഷേമ സമിതിയുടെ പതിനാലാമത് റിപ്പോർട്ട്

ഡോ: എം. എ. കുട്ടപ്പൻ : സർ, പട്ടികജാതി-പട്ടികവർഗ്ഗക്ഷേമ സമിതിയുടെ പതിനാലാമത് റിപ്പോർട്ട് ചെയൻമാനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## VI റിപ്പോർട്ട് പരിഗണന

(1) കാര്യോപദേശക സമിതിയുടെ മുപ്പത്തിനാലാമത് റിപ്പോർട്ട്

മുഖ്യമന്ത്രിക്കു വേണ്ടി ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ, കാര്യോപദേശക സമിതിയുടെ മുപ്പത്തിനാലാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം മുഖ്യമന്ത്രിക്കു വേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : ഞാൻ പിൻതാങ്ങുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ് : സർ, അജണ്ടയിലെ ഐറ്റം 3-ൽ (4) എന്തു ചെയ്യും ?

മി. സ്പീക്കർ : അത് ഇന്നത്തേയ്ക്ക് ഇല്ല. ഇന്നത്തേയ്ക്ക് റിപ്പോർട്ട് വയ്ക്കുന്നില്ല.

ശ്രീ. ടി. എം. ജേക്കബ് : സർ, ഇത് പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ റിപ്പോർട്ടാണ്, അതിന്റെ ചെയർമാൻ ഇല്ലെങ്കിൽ എതെങ്കിലും മെമ്പറെ ചുമതലപ്പെടുത്തിയിട്ട് പോകേണ്ടതാണ്. ഇത് വളരെ നിരുത്തരവാദപരമായ സമീപനമാണ്. അവർ കമ്മിറ്റി കൂടിയിട്ട് കമ്മിറ്റിയുടെ റിപ്പോർട്ട് സഭയിൽ പ്ലെയിസ് ചെയ്യാൻ ആവില്ലായെന്നു പറഞ്ഞാൽ മഹാകഷ്ടമാണ്.

മി. സ്പീക്കർ : അത് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

ശ്രീ. ടി. എം. ജേക്കബ് : വളരെ മോശമായ സംഗതിയാണ്.

മി. സ്പീക്കർ : ശ്രദ്ധിക്കേണ്ടതാണ്, ഭാവിയിൽ അതെല്ലാം ശ്രദ്ധിക്കേണ്ടതാണ്. മിനിസ്റ്റർക്ക് ഒക്കില്ല, ഏൽപ്പിച്ചിട്ടില്ല, ഏൽപ്പിക്കാതെ എങ്ങനെയാണ് അദ്ദേഹം പറയുക ?

റിപ്പോർട്ട് പരിഗണന കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly